# പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ **4163** | 21.07.2015 ലെ മറുപടിക്ക്

## <u>കുളത്തൂർ ജംഗ്ഷനിൽ അനധികൃത കെട്ടിട നിർമ്മാണം</u>

| <u>ചോദ്യം</u> | | <u>ഉത്തരം</u> | |
|---|---|---|---|
| ശ്രീ.പി.സി.ജോർജ് : | | ശ്രീ.മഞ്ഞളാംകുഴി അലി<br>(നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പ് മന്ത്രി) | |
| (എ) | തിരുവനന്തപുരം നഗരസഭയുടെ ആറ്റിപ്ര സോണൽ ഓഫീസിന്റെ കീഴിലുള്ള കുളത്തൂർ ജംഗ്ഷനിൽ ഒരു കൊമേഴ്സ്യൽ കെട്ടിടം പണിയുവാൻ 05.10.2012 ൽ, ബി.മണിലാൽ, ലാൽബിൽഡിംഗ്സ് എന്ന ആളിന് പെർമിറ്റ് നൽകിയിട്ടുണ്ടോ; ഇതിന്റെ അപേക്ഷ എന്നാണ് നൽകിയത്; എത്ര നിലയ്ക്കാണ് അനുവാദം നൽകിയത്; ഇതിന്റെ പൂർണ്ണവിശദാംശങ്ങളും പെർമിറ്റിന്റെയും മറ്റും കോപ്പികളും ലഭ്യമാക്കാമോ; | (എ) | തിരുവനന്തപുരം നഗരസഭയുടെ ആറ്റിപ്ര സോണൽ ഓഫീസിന്റെ കീഴിലുള്ള ആറ്റിപ്ര വില്ലേജിൽ സർവ്വെ നമ്പർ 362/10 ൽ ഉൾപ്പെട്ട 3 ആർ സ്ഥലത്ത് ശ്രീ.മണിലാൽ എന്ന വ്യക്തിക്ക് 05.10.2012 ലെ അപേക്ഷയുടെ അടിസ്ഥാനത്തിൽ 07.12.2012 ൽ സ്പെഷ്യൽ റസിഡൻഷ്യൽ കെട്ടിടം (G+2 floor) നിർമ്മിക്കുന്നതിന് പെർമിറ്റ് നൽകിയിട്ടുണ്ട്. പെർമിറ്റിന്റെ പകർപ്പ് അനുബന്ധം ഒന്നായി ചേർത്തിട്ടുണ്ട്. |
| (ബി) | ഈ കെട്ടിടത്തിന്റെ പണി പൂർത്തീകരിച്ച് കംപ്ലീഷൻ സർട്ടിഫിക്കറ്റ് നൽകിയിട്ടുണ്ടോ; | (ബി) | അപേക്ഷകൻ നിർമ്മാണം പൂർത്തീകരിച്ച് കംപ്ലീഷൻ സർട്ടിഫിക്കറ്റ് നൽകിയിട്ടുണ്ട്. |
| (സി) | ടി കെട്ടിടത്തിൽ അനധികൃത നിർമ്മാണം നടന്നതായി കണ്ടെത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്തൊക്കെയെന്ന് വിവരിക്കാമോ; | (സി) | ഉണ്ട്. കേരള മുൻസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങൾ ചട്ടം 24(4), 24(5), 34(2), 42, 40(എ) എന്നിവയുടെ ലംഘനം കണ്ടെത്തിയിട്ടുണ്ട്. |
| (ഡി) | കെട്ടിടത്തിന്റെ അനധികൃത നിർമ്മാണത്തിനെതിരെ എന്തെല്ലാം നടപടികൾ ഇതുവരെ സ്വീകരിച്ചിട്ടുണ്ട്; ഈ നടപടികൾക്കായി ടിയാനും മറ്റും അയച്ച കത്തിന്റെ കോപ്പി ലഭ്യമാക്കാമോ; | (ഡി)<br>&<br>(ഇ) | ചീഫ് ടൗൺ പ്ലാനർ (വിജിലൻസ്) പ്രസ്തുത നിർമ്മാണം പരിശോധിച്ച് സർക്കാരിന് നൽകിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ അനധികൃത നിർമ്മാണത്തിനെതിരെ നടപടി സ്വീകരിക്കുന്നതിന് തിരുവനന്തപുരം കോർപ്പറേഷന് നിർദ്ദേശം നൽകിയിട്ടുണ്ട്. കത്തിന്റെ പകർപ്പ് അനുബന്ധം രണ്ടായി ചേർത്തിട്ടുണ്ട്. |
| (ഇ) | ടി അനധികൃത നിർമ്മാണം ആറ്റിപ്ര സോണൽ ഓഫീസിൽ നിന്നും സർക്കാരിനെ കത്ത് മുഖാന്തിരം അറിയിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ഇതിനെതിരെ നടപടി സ്വീകരിയ്ക്കാൻ തയ്യാറാകുമോ; | | |

(തുടർച്ച.......2)

| | | | |
|---|---|---|---|
| (എഫ്) | കെട്ടിടം പണി എന്ന് പൂർത്തീകരിച്ചതായിട്ടാണ് ആറ്റിപ്ര സോണൽ ഓഫീസിൽ റിക്കാർഡ് ഉള്ളത്; ഇതിന്റെ കോപ്പി ലഭ്യമാകുമോ; | (എഫ്) | അപേക്ഷകൻ 22.07.2013, 26.12.2014 എന്നീ തീയതികളിൽ പണിപൂർത്തീകരിച്ച് ഒക്കുപ്പൻസിക്കായി അപേക്ഷ നൽകിയതായി കാണുന്നു. ആയതിന്റെ പകർപ്പ് അനുബന്ധം മൂന്നായി ചേർത്തിട്ടുണ്ട്. |
| (ജി) | കെട്ടിടത്തിന് റ്റി.സി. നമ്പർ നൽകിയിട്ടുണ്ടോ; എന്നാണ് റ്റി.സി.യ്ക്ക് വേണ്ടി ഉടമ അപേക്ഷിച്ചത്; ഇതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ; റ്റി.സി.നമ്പർ കൊടുക്കാത്ത കെട്ടിടത്തിന്റെ മുകളിൽ ഇപ്പോൾ റൂഫ് ടോപ്പ് നിർമ്മിച്ചിരിക്കുന്നത് ഏത് ഉത്തരവിലൂടെയാണ്; ടിയാൻ ഇതിനായി അപേക്ഷ നൽകിയിരുന്നോ; ഇതിന്റെ പകർപ്പുകൾ (ഉത്തരവിന്റെയും, അപേക്ഷയുടെയും) ലഭ്യമാക്കുമോ; അനധികൃത കെട്ടിട നിർമ്മാണത്തിന് എതിരെ രണ്ടു കൊല്ലമായി എന്തൊക്കെ നടപടികൾ സ്വീകരിച്ചു; സ്വീകരിച്ചില്ലെങ്കിൽ എന്തുകൊണ്ട്; ആരാണ് ഇതിന് ഉത്തരവാദി; വിശദമാക്കുമോ; അനധികൃതനിർമ്മാണത്തിനെതിരെ ആറ്റിപ്ര സോണൽ ഓഫീസിൽ നിന്നോ സർക്കാരിൽ നിന്നോ എന്തെങ്കിലും കാരണം കാണിക്കൽ നോട്ടീസ് നൽകിയിട്ടുണ്ടെങ്കിൽ ഇതിന്റെ കോപ്പികൾ ലഭ്യമാക്കാമോ? | (ജി) | ഇല്ല;<br>22.07.2013, 26.12.2014 എന്നീ തീയതികളിലാണ് റ്റി.സി.യ്ക്ക് വേണ്ടി അപേക്ഷിച്ചിട്ടുള്ളത്;<br>കെട്ടിടത്തിന്റെ മുകളിൽ റൂഫ് ടോപ്പ് നിർമ്മിക്കാൻ തിരുവനന്തപുരം നഗരസഭ അനുമതി നൽകിയിട്ടില്ല;<br>ഇതിനായി കക്ഷി കോർപ്പറേഷനിൽ അപേക്ഷ സമർപ്പിച്ചിട്ടില്ല;<br>ചീഫ് ടൗൺ പ്ലാനർ (വിജിലൻസ്) പ്രസ്തുത നിർമ്മാണം പരിശോധിച്ച് സർക്കാരിന് നൽകിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ അനധികൃത നിർമ്മാണത്തിനെതിരെ നടപടി സ്വീകരിക്കുന്നതിനും കെട്ടിട നിർമ്മാണ ചട്ടങ്ങളുടെ ലംഘനത്തോടെ പെർമിറ്റ് നൽകിയ ഉദ്യോഗസ്ഥരിൽ നിന്നും വിശദീകരണം ലഭ്യമാക്കി സമർപ്പിക്കുവാനും തിരുവനന്തപുരം കോർപ്പറേഷന് നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ ചട്ടലംഘനങ്ങളോടെ പ്ലാൻ വരച്ചു നൽകിയ ലൈസൻസിക്കെതിരെ നടപടി സ്വീകരിക്കുവാനും നഗരകാര്യ ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

അനുബന്ധം - I

# തിരുവനന്തപുരം നഗരസഭ

# കെട്ടിട നിർമ്മാണ അനുവാദ പത്രം

## അപ്പൻഡിക്സ് - സി നിയമം 11(3) കാണുക

തീയതി : 07.12.12

നമ്പർ : ZAE/BA/282-A/12 ............ അപേക്ഷ

സൂചന :- ശ്രീ/~~ശ്രീമതി/സർവ്വശ്രീ~~ MANILAL

തിരുവനന്തപുരം നഗരസഭയിലെ Attipra ............), തിരുവനന്തപുരം താലൂക്കിലെ വാർഡിൽ, (വാർഡ് നമ്പർ - 03 ......... 362/10 ......... സർവ്വെ നമ്പരിൽ ഉൾപ്പെട്ട Attipra ......... വില്ലേജിൽപ്പെട്ട ......... / പുനർ നിർമ്മാണത്തിന്/ കൂട്ടി ചേർക്കുന്ന 03.00 Are ...... സെന്റ് സ്ഥലത്ത് കെട്ടിട നിർമ്മാണത്തിന് / പുനർ നിർമ്മാണത്തിന് / കിണർ നിർമ്മിക്കുന്നതിന്/കൂടിൽ നിർമ്മിക്കുന്നതിന് / വ്യതിയാനം വരുത്തുന്നതിന് / പൊളിച്ച് മാറ്റുന്നതിന് / മതിൽ നിർമ്മിക്കുന്നതിന് ശ്രീ / ~~ശ്രീമതി~~ / ~~സർവ്വശ്രീ~~ MANILAL, Lal Building, Kudalkoor, Kulathoor P.O. ......... എന്നയാൾക്ക് താഴെപ്പറയുന്ന നിബന്ധനകൾക്ക് വിധേയമായി അനുവാദം നൽകുന്നു.

## നിർമ്മാണത്തിന്റെ വിശദവിവരങ്ങൾ

| നിലകൾ | പ്ലിന്ത് / ഫ്ളോർ ഏരിയ | കാർപ്പറ്റ് ഏരിയ | ഉപയോഗം |
|---|---|---|---|
| ബേസ്മെന്റ് | Exist: GF - 85.67 m² | ✓ | Spl. Residence |
| സെല്ലാർ | " FF - 85.67 m² | ✓ | |
| ഗ്രൗണ്ട് | " SF - 85.67 m² | ✓ | |
| ഒന്നാം നില | Prop: GF - 94.05 m² | | |
| രണ്ടാം നില | " FF - 94.05 m² | | |
| മൂന്നാം നില | " SF - 94.05 m² | | |
| നാലാം നില | | | |
| അഞ്ചാം നില | Total — 539.16 m² | | |
| ആറാം നില | | | |
| ഏഴാം നില | | (Permit Valid | upto 06.12.2015) |
| | | | |
| | | | |
| | | | |

## ലൈസൻസ് ഫീസ് വിശദ വിവരങ്ങൾ

ചെലാൻ നമ്പർ 05465

തീയതി 07.12.12

തുക ₹. 8745/-

ഫയൽ നമ്പർ ZAE/3999/12

സെക്രട്ടറി
തിരുവനന്തപുരം നഗരസഭ

(... പ്ലാനിന്റെ കോപ്പിയോടു കൂടി)

Bmmmmm-II

കേരള സർക്കാർ

നം.66743/ആർ.എ 2/2014/തസ്വഭവ

തദ്ദേശസ്വയംഭരണ (ആർ.എ) വകുപ്പ്
തിരുവനന്തപുരം, തീയതി:16.07.2015

പ്രേഷിതൻ

ഗവൺമെന്റ് സെക്രട്ടറി

സ്വീകർത്താവ്

സെക്രട്ടറി,
തിരുവനന്തപുരം നഗരസഭ.

സർ,

വിഷയം : തദ്ദേശസ്വയംഭരണ വകുപ്പ് - കെട്ടിടത്തിന് നമ്പർ നൽകുന്നത് - നഗരസഭയിലെ ഉദ്യോഗസ്ഥന്റെ അഴിമതി - പരാതി - സംബന്ധിച്ച്.

സൂചന : 1. ബഹു.മുഖ്യമന്ത്രിയുടെ പൊതുജന പരാതി പരിഹാര സെല്ലിന്ന ലഭിച്ച ശ്രീ.ആദിഷ് ഹരിദാസിന്റെ പരാതി.
2. താങ്കളുടെ 20.02.2015 ലെ ZAE/6612/14 നമ്പർ കത്ത്.
3. ചീഫ് ടൗൺ പ്ലാനർ (വിജിലൻസ്)ന്റെ 300/15 നമ്പർ റിപ്പോർട്ട്.

സൂചനയിലേയ്ക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ചീഫ് ടൗൺ പ്ലാനർ (വിജിലൻസ്) ആറ്റിപ്ര സോണൽ ഓഫീസിൽ നടത്തിയ സ്ഥലപരിശോധനയിൽ ശ്രീ.മണിലാൽ എന്നയാൾക്ക് പെർമിറ്റ് നം.ZAE/13A/282-A/12 പ്രകാരം 07.12.2012 ൽ നൽകിയ കെട്ടിടനിർമ്മാണ അനുമതി സംബന്ധിച്ച ഫയൽ പരിശോധിച്ചു. അപ്രൂവ്ഡ് പ്ലാൻ പരിശോധിച്ചതിൽ നിരവധി ചട്ട ലംഘനങ്ങൾ കണ്ടെത്തിയിട്ടുണ്ട്. കൂടാതെ നിർമ്മാണ സ്ഥലം പരിശോധിച്ചതിലും ടി നിർമ്മാണം കെ.എം.ബി.ആർ. റൂൾ 24(4), 24(5), 34(2), 42, 40A എന്നിവ ലംഘിച്ചിട്ടുള്ളതായും കണ്ടെത്തിയിട്ടുണ്ട് (പരിശോധനാ റിപ്പോർട്ട് ഉള്ളടക്കം ചെയ്യുന്നു). ആയതിനാൽ പരാമർശ നിർമ്മാണത്തിനെതിരെ അടിയന്തര നടപടി സ്വീകരിക്കേണ്ടതാണ്. അതോടൊപ്പം കെട്ടിടനിർമ്മാണ ചട്ടങ്ങളുടെ ലംഘനത്തോടെ പെർമിറ്റ് നൽകിയ ഉദ്യോഗസ്ഥരിൽ നിന്നും വിശദീകരണം ലഭ്യമാക്കി സ്വീകരിച്ച നടപടിയുടെ റിപ്പോർട്ട് സഹിതം ഒരാഴ്ചയ്ക്കകം സർക്കാരിൽ സമർപ്പിക്കേണ്ടതുമാണെന്ന് നിർദ്ദേശിക്കുന്നു.

വിശ്വസ്തതയോടെ
**ബി.മധു**
ജോയിന്റ് സെക്രട്ടറി
സെക്രട്ടറിക്കു വേണ്ടി

അംഗീകാരത്തോടെ

സെക്ഷൻ ഓഫീസർ

Bnnmnis - III

# CORPORATION OF THIRUVANANTHAPURAM

## FORM FOR COMPLETION CERTIFICATE

*(See Rule 12 (2) (f) and (1))*

I hereby certify that the development/re-development of land/erection/re-erection/ demolition/material alteration of building with door No ....—.... Ward No ....3.... Village in Survey No ....362/10.... of ....ATTIPRA.... in Taluk approved under development permit/building permit No ....ZAE/BA/282-A/12.... dated ....27/12/12.... and supervised by M/s ....SIVA PRASAD G.S.... Licence No .... (Licensed Architect/Engineer/Town Planner/Supervisior/Group) has been completed.

SIVASADAN MONVILA KULATHOOR - P.O.

SIVAPRASAD G.S. REGISTERED 'A' CLASS BUILDING DESIGNER Reg.No. G-26 14/06/2006/SA DEPARTMENT OF MUNICIPAL ADMINISTRATION GOVT. OF KERALA

Signature of owner ....

Name of Owner ....MY. MANILAL....
(In block letters)
Address of owner ....LAL - BUILDING....
....Kulathoor P.O. KULATHOOR....
....TRIVANDRUM....

File No.

L.R. No.

Date: 22/7/13

## CERTIFICATE

This is to certify that the development/re-development of erection/re-erection/ demolition/material alteration of building door No ....—.... Ward No ....3.... Village in Survey No ....362/10.... of ....ATTIPRA.... which has been supervised by me has been Taluk ....TRIVANDRUM.... built in accordance with the plans specifications and directions approved in development permit/building permit No ....ZAE/BA/282-A/12.... dated ....27/12/12....

Sivaprasad G.S.

Signature of licensed Architect/Engineer/
Town Planner/Supervisor/

Group ....SIVA PRASAD G.S....
(In block letters)

Licence No ....SIVAPRASAD G.S. REGISTERED 'A' CLASS BUILDING DESIGNER....
Address ....
....SIVASADAN MONVILA KULATHOOR P.O....

Date: 22/7/13

III

From

B. Manilal
Lal Building
Kulathoor - P.O.
Trivandrum

To

The Secretary
Thrivandrum Corporation,
Attipra Zonal
Kulathoor

26/12/14

Sir,

ZAE - 3216/13 നിവേദനപ്രകാരം കെട്ടിട നിർ-
മ്മാണം പൂർത്തിയായിട്ടും ഞാൻ 5/8/2013ൽ അറിയിച്ചു
നൽകിയ നിവേദനപ്രകാരം ഇപ്പോൾ 3 കെട്ടിട നിർമ്മാ
ണം പൂർത്തിയായതിനാൽ 3 കെട്ടിടത്തിന് കെട്ടിട
നമ്പർ നൽകി തരാൻ വേണ്ടുന്നതിനുള്ള നടപടി
ഉണ്ടാകണമെന്ന് നിവേദിക്കുന്നു.

എന്ന്

[signature]

B. മണിലാൽ

26-12-2014

[signature]